## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2900** **22-01-2021 - ൽ മറുപടിയ്ക്ക്**

## ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ കമ്പനിയിലെ തൊഴിലാളി സമരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഒ. രാജഗോപാൽ | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം വേളിയിൽ പ്രവർത്തിയ്ക്കുന്ന ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ കമ്പനിയിലെ തൊഴിലാളി സമരം ഒത്തു തീർപ്പാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ലിമിറ്റഡ് വേളി യൂണിറ്റ് തുറന്നു പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് മാനേജ്മെന്റുമായി അനുരഞ്ജന ചർച്ചകൾ നടന്നുവരുന്ന സാഹചര്യത്തിലാണ് ഒരു തൊഴിലാളി ആത്മഹത്യ ചെയ്തത്. കമ്പനി 10/08/2020 ന് അടച്ചുപൂട്ടിയതിനെത്തുടർ ന്നാണ് തൊഴിലാളികൾ സമരം പ്രഖ്യാപിച്ചത്. വിഷയത്തിൽ തൊഴിൽ വകുപ്പു മന്ത്രി ഇടപെടുകയും അതിനെത്തുടർന്ന് അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ) നടത്തിയ ചർച്ചകളെത്തുടർന്ന് കമ്പനിയുടെ തോന്നയ്ക്കൽ യൂണിറ്റ് 26/10/2020 ന് തുറക്കുകയുണ്ടായി. തൊഴിലാളികൾക്ക് ബോണസ്, എക്സ്ഗ്രേഷ്യ, കുടിശ്ശിക വേതനം എന്നിവ വിതരണം ചെയ്തു. കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഉന്നതതല ഇടപെടൽ നടന്നുവരുന്നുണ്ട്. 12/01/2021 ന് നടന്ന ഉന്നതതല യോഗത്തിൽ തൊഴിലാളി ആത്മഹത്യ ചെയ്യാൻ ഇടയായ സാഹചര്യം സംബന്ധിച്ചും കമ്പനിയുടെ വേളി യൂണിറ്റ് തുറന്നു പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ചും ചർച്ചകൾ നടത്തിയിരുന്നു. ഇതിനു തുടർച്ചയായി 20/01/2021 ന് നടന്ന ഉന്നതതല യോഗത്തിലും കമ്പനി പ്രതിനിധികൾ വ്യക്തമായ ഉറപ്പുകൾ നൽകാത്ത സാഹച ര്യത്തിൽ, കമ്പനി ഉടൻ തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്ക ണമെന്നും അതിനിടെ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുവാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിനൊപ്പം ആത്മഹത്യ ചെയ്ത തൊഴിലാളിയുടെ കുടുംബത്തിന് സഹായധനവും ആശ്രിതനിയമനവും നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കണമെന്നും മാനേജ്മെന്റിനോട് നിർദ്ദേശിച്ചിട്ടുണ്ട്. തുടർ ചർച്ചകൾ ഫെബ്രുവരി മാസം നടത്തുവാനും യോഗത്തിൽ തീരുമാനമായി. യോഗത്തിൽ ബഹു.വ്യവസായ |

| | | | |
|---|---|---|---|
| | | | വകുപ്പുമന്ത്രി, ബഹു.തൊഴിൽ വകുപ്പുമന്ത്രി, ബഹു.സഹകരണവും ടൂറിസവും വകുപ്പുമന്ത്രി, തൊഴിലാളി യൂണിയൻ നേതാക്കൾ, കമ്പനി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. |
| (ബി) | തൊഴിലാളികൾ പട്ടിണിയിൽ ആവുകയും ഒരു തൊഴിലാളി ആത്മഹത്യ ചെയ്യുകയും ചെയ്ത സാഹചര്യത്തിന് പരിഹാരം കണ്ടെത്തുവാൻ സർക്കാർ ഇടപെടുമോയെന്നറിയിക്കാമോ? | (ബി) | ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ലിമിറ്റഡ് വേളി യൂണിറ്റ് തുറന്നു പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് മാനേജ്മെന്റുമായി അനുരഞ്ജന ചർച്ചകൾ നടന്നുവരുന്ന സാഹചര്യത്തിലാണ് ഒരു തൊഴിലാളി ആത്മഹത്യ ചെയ്തത്. കമ്പനി 10/08/2020 ന് അടച്ചുപൂട്ടിയതിനെത്തുടർന്നാണ് തൊഴിലാളികൾ സമരം പ്രഖ്യാപിച്ചത്. വിഷയത്തിൽ തൊഴിൽ വകുപ്പ മന്ത്രി ഇടപെടുകയും അതിനെത്തുടർന്ന് അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ) നടത്തിയ ചർച്ചകളെത്തുടർന്ന് കമ്പനിയുടെ തോന്നയ്ക്കൽ യൂണിറ്റ് 26/10/2020 ന് തുറക്കുകയുണ്ടായി. തൊഴിലാളികൾക്ക് ബോണസ്, എക്സ്ഗ്രേഷ്യ, കുടിശ്ശിക വേതനം എന്നിവ വിതരണം ചെയ്തു. കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഉന്നതതല ഇടപെടൽ നടന്നുവരുന്നുണ്ട്. 12/01/2021 ന് നടന്ന ഉന്നതതല യോഗത്തിൽ തൊഴിലാളി ആത്മഹത്യ ചെയ്യാൻ ഇടയായ സാഹചര്യം സംബന്ധിച്ചും കമ്പനിയുടെ വേളി യൂണിറ്റ് തുറന്നു പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ചും ചർച്ചകൾ നടത്തിയിരുന്നു. ഇതിനു തുടർച്ചയായി 20/01/2021 ന് നടന്ന ഉന്നതതല യോഗത്തിലും കമ്പനി പ്രതിനിധികൾ വ്യക്തമായ ഉറപ്പുകൾ നൽകാത്ത സാഹച ര്യത്തിൽ, കമ്പനി ഉടൻ തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്ക ണമെന്നും അതിനിടെ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുവാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിനൊപ്പം ആത്മഹത്യ ചെയ്ത തൊഴിലാളിയുടെ കുടുംബത്തിന് സഹായധനവും ആശ്രിതനിയമനവും നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കണമെന്നും മാനേജ്മെന്റിനോട് നിർദ്ദേശിച്ചിട്ടുണ്ട്. തുടർ ചർച്ചകൾ ഫെബ്രുവരി മാസം നടത്തുവാനും യോഗത്തിൽ തീരുമാനമായി. യോഗത്തിൽ ബഹു.വ്യവസായ വകുപ്പുമന്ത്രി, ബഹു.തൊഴിൽ വകുപ്പുമന്ത്രി, ബഹു.സഹകരണവും ടൂറിസവും വകുപ്പുമന്ത്രി, തൊഴിലാളി യൂണിയൻ നേതാക്കൾ, കമ്പനി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. |

സെക്ഷൻ ഓഫീസർ